പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *141 — 21.03.2012 ൽ മറുപടിയ്ക്ക്

# ജൈവവളങ്ങളും ജീവാണുവളങ്ങളും പ്രചരിപ്പിക്കുവാൻ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അജിത്<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ജി.എസ്. ജയലാൽ<br>ശ്രീ. വി. ശശി | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) വിവിധതരത്തിലുള്ള ജൈവവളങ്ങളും ജീവാണു വളങ്ങളും പ്രചരിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഒരു ജൈവകൃഷിനയം പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കാർഷികമേഖലയെ ഘട്ടംഘട്ടമായി ജൈവ കൃഷിയിലേക്ക് നീക്കുക എന്നതാണ് സർക്കാർ ലക്ഷ്യം. ജൈവകൃഷിക്ക് ഏറ്റവും അഭികാമ്യമായ ജൈവ വളത്തിന്റെ ലഭ്യത ഉറപ്പാക്കുക, വിള പരിവർത്തനം, വൃക്ഷവിളകൾ പ്രോത്സാഹിപ്പിക്കുക, ജൈവവള ലഭ്യത വർദ്ധിപ്പിക്കുക, കാലിവളർത്തൽ, കോഴിവളർത്തൽ, താറാവ്, മത്സ്യം തുടങ്ങിയവ പ്രോത്സാഹിപ്പിച്ച് സമീകൃത കൃഷി ഉറപ്പാക്കുക, മണ്ണിര കമ്പോസ്റ്റ്, ജൈവവാതക അവശിഷ്ടം തുടങ്ങിയ വളങ്ങൾ കൃഷിയിടത്തിൽ തന്നെ നിർമ്മിക്കുന്നതിന് പ്രോത്സാഹനം നൽകുക, നാടൻ മണ്ണിരകൾ, സൂക്ഷ്മ ജീവികൾ എന്നിവയെ പ്രയോജനപ്പെടുത്തി ജൈവവളം ഉണ്ടാക്കുന്നത് പ്രോത്സാഹിപ്പിക്കുക, മുതലായ കാര്യങ്ങൾ ഉൾപ്പെടെ ഒരു തന്ത്രമാണ് സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്.<br>കൂടാതെ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിപ്രകാരം ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ധനസഹായം നൽകി വരുന്നുണ്ട്. |
| (ബി) ജൈവ-ജീവാണു വളങ്ങളും ജൈവ-കീടനാശിനികളും ഉൽപ്പാദിപ്പിക്കുന്നതിനും അവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) ജൈവ-ജീവാണു വളങ്ങളും ജൈവ-കീടനാശിനികളും സംസ്ഥാനതലത്തിൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ലൈസൻസ് കൃഷി ഡയറക്ടറേറ്റിൽ നിന്നും നൽകി വരുന്നു. ജീവാണുവളങ്ങളായ VAM, അസോസ്പൈറില്ലം എന്നിവ പട്ടാമ്പിയിലും തിരുവനന്തപുരത്തും പ്രവർത്തിക്കുന്ന സർക്കാർ |

ബയോ ഫെർട്ടിലൈസർ ലാബുകളിൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഇതു കൂടാതെ സ്വകാര്യ സ്ഥാപനങ്ങൾക്കും FCO 1985 ൽ അംഗീകരിച്ച ജീവാണു വളങ്ങൾ ഉൽപ്പാദിപ്പിക്കാനും കൃഷി വകുപ്പ് ലൈസൻസ് നൽകുന്നുണ്ട്. FCO 1985 അനുസരിച്ച് സിറ്റി കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ് എന്നീ ജൈവവളങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് സ്വകാര്യ ഏജൻസികൾക്ക് കൃഷിവകുപ്പ് ലൈസൻസ് നൽകുന്നുണ്ട്. FCO 1985 ഓർഡറിൽ ഉൾപ്പെടാത്തതായ മറ്റ് ജൈവവളങ്ങൾക്ക് അംഗീകാരം നൽകാൻ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി നടപടി സ്വീകരിച്ചിട്ടുണ്ട്.

ജൈവ ജീവാണുവളങ്ങളുടെയും ജൈവകീടനാശിനികളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സാമ്പിളുകൾ നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അംഗീകൃത ലാബുകളിലയച്ച് പരിശോധിക്കുന്നതിനായി കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**(സി)** ജൈവകൃഷിയുടെയും വളങ്ങളുടെയും പേരിൽ നടക്കുന്ന തട്ടിപ്പുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിന് എന്തെല്ലാം നടപടികൾ എടുത്തുവരുന്നുണ്ടെന്ന് വിശദമാക്കുമോ?

**(സി)** ജൈവ വളങ്ങളുടെ പേരിൽ നടക്കുന്ന തട്ടിപ്പുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി കേരള സർക്കാരിന്റെ 1.7.2002 ലെ ജി.ഒ. (ആർ.റ്റി.) നം. 690/2002/എ.ഡി. ഉത്തരവ് പ്രകാരം ഗുണനിലവാരമുള്ള ഉല്പാദനോപാധികൾ ഉറപ്പാക്കുന്നതിനായി ഒരു സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഉല്പാദനോപാധികളായ രാസവളം, രാസവള മിക്സ്ചർ, ജൈവവളം, ജീവാണുവളം, ജൈവകീടനിയന്ത്രണോപാധികൾ എന്നിവ സംബന്ധിച്ചുള്ള അംഗീകൃത ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നുണ്ട്. കൂടാതെ ലാബുകളിൽ നിന്ന് ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗുണനിലവാരം കുറഞ്ഞ ഉല്പന്നങ്ങളുടെയും ഉല്പാദകരുടെയും വിതരണക്കാരുടെയും പേർക്ക് നിർദ്ദിഷ്ട നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ജൈവകൃഷി സംബന്ധിച്ച തട്ടിപ്പുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആയത് ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ